# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2180 07.03.2017 - ൽ മറുപടിക്ക്

## പോസ്റ്റ് ബേസിക്ക് ബി.എസ്.സി നഴ്സിംഗ് കോഴ്സ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | കേരള നഴ്സിംഗ് കൗൺസിലിന്റെ നിർദ്ദേശപ്രകാരം സി-മെറ്റ് തൃപ്പൂണിത്തുറയിൽ നടത്തുന്ന പോസ്റ്റ് ബേസിക്ക് ബി.എസ്.സി നഴ്സിംഗ് കോഴ്സ് പള്ളുരുത്തി സി-മെറ്റ് കോളേജിലേക്ക് ലയിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | എ) & ബി) | സർക്കാർ ഈ വിഷയം പരിഗണിക്കുകയും സിമെറ്റിന് കീഴിൽ തൃപ്പൂണിത്തുറ മണ്ഡലത്തിൽ പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് കോഴ്സ് നടത്തുന്ന കോളേജിനെ, പള്ളുരുത്തിയിലെ ബി.എസ്.സി നഴ്സിംഗ് കോളേജിലേയ്ക്ക് ലയിപ്പിക്കുന്നതിന് 03.03.2017-ലെ സ.ഉ(സാധാ)നം.534/2017/ആ.കു.വ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ എന്തു നടപടി എന്ന് വിശദമാക്കാമോ; | | |
| സി) | പള്ളുരുത്തി സി-മെറ്റ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് കോഴ്സ് പള്ളുരുത്തിയിലേക്ക് മാറ്റുകയാണെങ്കിൽ തൃപ്പൂണിത്തുറയിലെ കെട്ടിടം ഹോസ്റ്റലായി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | തൃപ്പൂണിത്തുറയിലെ പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് കോളേജ് പള്ളുരുത്തിയിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയ സാഹചര്യത്തിൽ തൃപ്പൂണിത്തുറയിലെ കെട്ടിടം ഹോസ്റ്റലിനായി ലഭ്യമാക്കാവുന്നതാണ്. |

Milan

സെക്ഷൻ ഓഫീസർ